ഉത്തരം

(എ) പതിമൂന്ന് (13) പരാതികൾ.

(ബി) എല്ലാ പരാതികളിൻമേലും നടപടി എടുത്തു.

(സി) ഉണ്ട്.

(ഡി) ബാധകമല്ല.

(ഇ) നടപടി സ്വീകരിക്കാവുന്നതാണ്.

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൈക്രോബയോളജി ലാബുകൾ

132 (143) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ മൈക്രോബയോളജി ലാബുകൾ പ്രവർത്തിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ ആവശ്യമുള്ള ടെക്നീഷ്യൻമാരെ നിയമിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(സി) അത്യാസന്ന നിലയിൽ ആശുപത്രിയിലെത്തുന്ന രോഗികളുടെ രക്ത പരിശോധന നടത്തി രോഗനിർണ്ണയം നടത്തുന്നതിന് അവശ്യം പ്രവർത്തിക്കേണ്ട മൈക്രോബയോളജി ലാബുകൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇത് സംബന്ധിച്ച പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആവശ്യമായ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

ആയുർവേദ വകുപ്പിൽ രണ്ടാം ഗ്രേഡ് ഫാർമസിസ്റ്റുകളുടെ ഒഴിവുകൾ

133 (144) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആയുർവേദ വകുപ്പിൽ രണ്ടാം ഗ്രേഡ് ഫാർമസിസ്റ്റുകളുടെ ഒഴിവുകളുടെ വിവരം ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) ഈ വകുപ്പിലെ രണ്ടാം ഗ്രേഡ് ഫാർമസിസ്റ്റ് തസ്തികയിലേക്ക് താഴ്ന്ന തസ്തികയിൽ ജോലി നോക്കുന്നവരിൽ നിന്നും പ്രൊമോഷൻ വഴിയോ തസ്തികമാറ്റം വഴിയോ നിയമിക്കാറുണ്ടോ ; എങ്കിൽ ഇവർക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) തസ്തികമാറ്റം വഴി രണ്ടാം ഗ്രേഡ് ഫാർമസിസ്റ്റായി നിയമനം നടത്തുന്നതിന് സപെഷ്യൽ റൂൾ നിലവിലുണ്ടോ ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ ;

(ഡി) ഈ തസ്തികയിൽ നിയമനത്തിനായി .പി.എസ്.സി ലിസ്റ്റ് നിലവിലുണ്ടോ എങ്കിൽ ഏതെല്ലാം ജില്ലകളിലാണെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പത്തനംതിട്ട ജില്ലയിൽ നിലവിലുള്ള ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ)

തിരുവനന്തപുരം	15
കൊല്ലം	15
പത്തനംതിട്ട	15
കോട്ടയം	9
ഇടുക്കി	7
എറണാകുളം	18
ആലപ്പുഴ	12
തൃശ്ശൂർ	4
പാലക്കാട്	9
മലപ്പുറം	28
കോഴിക്കോട്	15
വയനാട്	1
കണ്ണൂർ	29
കാസർഗോഡ്	7

(ബി) പ്രൊമോഷൻ വഴി രണ്ടാം ഗ്രേഡ് ഫാർമസിസ്റ്റ് തസ്തികയിലേയ്ക്ക് നിയമിക്കാറുണ്ട്. അറ്റന്റർ/ഫാർമസി അറ്റന്റർ/നേഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിൽ കുറഞ്ഞത് മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയ ജീവനക്കാരെ പി.എസ്.സി ഇന്റർവ്യൂ മുഖേന അർഹതാ പരിശോധന നടത്തുന്നതിന്റെ അടിസ്ഥാനത്തിൽ പ്രൊമോഷൻ വഴി നിയമിക്കുന്നുണ്ട്. നേരിട്ടുള്ള നിയമനവും പ്രൊമോഷനും 1:1 എന്ന റേഷ്യോ പ്രകാരമാണ് നടത്തുന്നത്. എസ്.എസ്.എൽ.സി.യോ തത്തുല്യ പരീക്ഷയോ പാസ്സായിരിക്കണം.

(സി) ഉണ്ട്. കോപ്പി ഇതോടൊപ്പം ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പത്തനംതിട്ട, കാസർഗോഡ്, മലപ്പുറം എന്നീ ജില്ലകളിൽ പി.എസ്.സി. ലിസ്റ്റ് നിലവിലില്ല. മറ്റ് ജില്ലകളിലെ വിവരം ശേഖരിച്ചു വരുന്നു.

(ഇ) പത്തനംതിട്ട ജില്ലയിലെ ഒഴിവുകൾ സ്ഥിര നിയമനം നടത്തുന്നതു വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി നികത്തുന്നതിനു വേണ്ട നിർദ്ദേശം പത്തനംതിട്ട ജില്ലാ ആഫീസർക്ക് നൽകിയിട്ടുണ്ട്.

ഹോമിയോ ആശുപത്രിയിലെ ഒഴിവുകൾ

134 (145) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ഹോമിയോപ്പതി ആശുപത്രികളിൽ വളരെ കാലമായി നിരവധി തസ്തികകൾ ഒഴിവുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച വിവരം വിശദമാക്കാമോ ;

(സി) തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത് കാരണം ഇപ്പോഴുള്ള ജീവനക്കാർ അധികം ജോലി ചെയ്യേണ്ടി വരികയും രോഗികൾക്ക് അസൗകര്യങ്ങൾ ഉണ്ടാകുകയും ചെയ്യുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ&ബി) താഴെപ്പറയുന്ന തസ്തികകളിൽ ഒഴിവുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മെഡിക്കൽ ആഫീസർ	-	58
ക്ലാർക്ക്	-	20
ഫാർമസിസ്റ്റ്	-	59
അറ്റൻഡർ	-	60
പ്യൂൺ	-	6
പി.റ്റി.എസ്	-	50

(സി) ഇതിൽ മെഡിക്കൽ ആഫീസർ, ഫാർമസിസ്റ്റ്, ക്ലാർക്ക്, അറ്റൻഡർ, പ്യൂൺ, എന്നിവരുടെ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.റ്റി.എസ് തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാൻ ഡി.എം.ഒ.മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ഹോമിയോപ്പതി വകുപ്പിലെ ഒഴിവുകൾ

135 (146) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) സംസ്ഥാന ഹോമിയോപ്പതി വകുപ്പിൽ 58 മെഡിക്കൽ ആഫീസർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നത് കാരണം രോഗികൾ ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly